സംയുക്തമായി പരിശോധിച്ച് അംഗീകരിക്കുന്നു. ഇതു പ്രകാരം അവസാനമായി പരിശോധന നടത്തിയത് 8-9-2005-ൽ കൂടിയ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ്മീറ്റിംഗിലാണ്. ഇതനുസരിച്ച് 2005-2006 ജലവർഷത്തിൽ മണക്കടവിൽ 12276 ദശലക്ഷം ഘനയടിയും കേരള ഷോളയാറിൽ 16758 ദശലക്ഷം ഘനയടിയും കുടിശ്ശികയുൾപ്പെടെ ലഭിക്കേണ്ടതാണ്.

(സി) സംയുക്ത പരിശോധന സമിതിയായ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിൽ കേരളത്തിന്റെയും തമിഴ്നാടിന്റെയും അംഗങ്ങൾ അതത് സംസ്ഥാനത്തെ ജലസേചന വകുപ്പിലേയും വൈദ്യുതി ബോർഡിലേയും ചീഫ് എഞ്ചിനീയർമാരാണ്.

വായ്പ എടുത്തവർ മരണപ്പെട്ടാൽ കുടിശ്ശിക സർക്കാർ വഹിക്കുന്നതിനുള്ള പദ്ധതി

10(*186)ശ്രീ. എം. വി. ജയരാജൻ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണബാങ്കുകളിൽ നിന്ന് വായ്പ എടുത്തവർ മരണപ്പെട്ടാൽ അവരുടെ വായ്പ കുടിശ്ശിക സർക്കാർ വഹിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തിമോ;

(ബി) ഇതിനായി റിസ്ക് ഫണ്ട് ആരംഭിച്ചിട്ടുണ്ടോ; റിസ്ക് ഫണ്ടിലേക്ക് വായ്പയുടെ എത്ര ശതമാനം വായ്പയെടുക്കുന്നയാൾ നൽകേണ്ടതുണ്ട്;

(സി) ഈ സ്കീം നിലവിൽ വന്നിട്ടുണ്ടോ; സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത എത്രപേർ ഇതികം മരണപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ സ്കീമിന്റെ ആനുകൂല്യം എത്ര പേർക്ക് ഇതിനകം ലഭ്യമാക്കുകയുണ്ടായി;

(ഡി) വായ്പ നൽകിയ സംഘങ്ങൾ സ്കീമിലേക്ക് നൽകേണ്ട കോൺട്രിബ്യൂഷൻ എത്രയാണ്;

(ഇ) റിസ്ക് ഫണ്ട് ഏത് ഏജൻസിയാണ് നടപ്പിലാക്കുന്നത് എന്നു വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) കാർഷികവായ്പയെടുത്ത് തിരിച്ചടവ് കാലയളവിൽ വായ്പയെടുത്തവർ മരണപ്പെട്ട് പോവുകയാണെങ്കിൽ അന്നേദിവസം ബാക്കിനിൽക്കുന്ന വായ്പകളിൽ പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

റിസ്ക് ഫണ്ട് പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. പലിശബാക്കി വായ്പ നൽകിയ ബാങ്ക് വഹിക്കണം.

(ബി) റിസ്ക്ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. വായ്പയെടുക്കുന്നവർ വായ്പത്തുകയുടെ 0.05 ശതമാനമാണ് റിസ്ക് ഫണ്ടി ലേക്ക് നൽകേണ്ടത്.

(സി) സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്നിട്ടില്ല. 2005 ഏപ്രിൽ ഒന്നുമുതൽ മുൻകാല പ്രാബല്യം നൽകാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സംഘങ്ങൾ സ്കീമിലേക്ക് കോൺട്രിബ്യൂഷൻ ഒന്നും നൽകേണ്ട തില്ല.

(ഇ) കേരള സഹകരണ വികസനക്ഷേമനിധി ഫണ്ട് ബോർഡ് വഴിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥ

11(*187) ശ്രീ. പി. ജെ. ജോയി:

ശ്രീ. വി. ജെ. പൗലോസ്:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകര ണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുക്കുന്നവർ വായ്പ തവണകൾ മുടക്കുന്ന പക്ഷം ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥയനുസരിച്ച് പലിശ യിലും പിഴപ്പലിശയിലും ഇളവനുവദിക്കാറുണ്ടോ;

(ബി) സഹകരണ വായ്പയെടുത്തശേഷം കൃത്യമായ തവണകൾ അടച്ചു തീർക്കുന്നവർക്ക് എന്തെല്ലാം വിധത്തിലുള്ള പ്രോത്സാഹനം നൽകുന്നുണ്ട്.

(സി) വായ്പ കുടിശ്ശിക വരുത്തുന്നവർക്ക് ഒറ്റത്തവണ തീർപ്പാക്കലിലൂടെ ആനുകൂല്യം നൽകുമ്പോൾ കൃത്യമായ വായ്പ തിരിച്ചടയ്ക്കുന്നവർക്ക് ഒരാനുകൂ ല്യവും നൽകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) കൃത്യമായ വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശയിൽ റിബേറ്റ് അനു വദിക്കുന്ന കാര്യം പരിഗണിക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടായിരുന്ന സമയത്ത് (31-3-2005 വരെ) പലിശയിലും പിഴപ്പലിശയിലും ഇളവനുവദിച്ചിരുന്നു.

GPM. 2/498/2014—6

LIBRARY ARCHIVES Kerala Legislative Assembly